**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2715** **17-03-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നിയമത്തിലെ ചട്ടം 65 പ്രകാരമുള്ള അന്വേഷണത്തിൽ കരുവന്നൂർ സഹകരണ ബാങ്കിൽ കണ്ടെത്തിയ 226 കോടി രൂപയുടെ തട്ടിപ്പിന്റെ പരിധിയിൽ വരാത്ത മറ്റെന്തെങ്കിലും ക്രമക്കേടുകൾ പിന്നീട് കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം വായ്പ പലിശ ഉൾപ്പെടെ 1,02,55,49,364/-(102.55 കോടി) രൂപയുടേയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 1,69,34,445/- (1.69 കോടി) കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1,04,24,83,809/-(104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റി റിപ്പോർട്ട്  പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ വിതരണത്തിൽ 2,08,08,25,040/-(208.08 കോടി) രൂപയുടെയും പ്രതിമാസ നിക്ഷേപ പദ്ധതികളിൽ 9,42,27,982/- (9.42 കോടി) രൂപയുടെയും വ്യാപാര പ്രവർത്തനങ്ങളിൽ 1,83,36,511/- (1.83 കോടി) രൂപയുടെയും ഉൾപ്പെടെ ആകെ 2,19,33,89,533/-(219.33 കോടി) രൂപയുടെ ക്രമക്കേടുള്ളതായി റിപ്പോർട്ട്  ചെയ്തിട്ടുണ്ട്. മറ്റ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| (ബി) | നബാർഡിന്റെ സഹായത്തോടെ നിർമ്മിച്ച മന്ദിരവും സ്ഥലവും ഈടുനൽകി ബാങ്കിന്റെ നവതി മന്ദിര നിർമ്മാണത്തിനായി 10 കോടി രൂപയുടെ ബാങ്ക് വായ്പയെടുത്തിട്ടുണ്ടോ; | (ബി) | നബാർഡിന്റെ സഹായത്തോടെ നിർമ്മിച്ച കെട്ടിടവും സ്ഥലവും പണയപ്പെടുത്തി ബാങ്കിന്റെ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി 10 കോടി രൂപ കേരള ബാങ്കിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്. |
| (സി) | അംഗീകൃത പ്ലാൻ പ്രകാരമല്ല കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇക്കാര്യങ്ങളിൽ വിശദമായ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റിയിൽ നിന്നും അംഗീകാരം ലഭിച്ച ബിൽഡിങ് പെർമിറ്റ്, പ്ലാൻ എന്നിവ പ്രകാരമാണ് ബാങ്കിന്റെ നവതി മന്ദിരം നിർമ്മിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ